**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4353** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതിയുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതിയുടെ കണക്കെടുപ്പ് നടത്തിയതിന്റെ പ്രക്രിയ വിശദമാക്കാമോ; | (എ) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്നതും 2006 ലെ എം.എസ്.എം.ഇ.ഡി ആക്റ്റും തുടർന്നുള്ള ഭേദഗതികൾ പ്രകാരവുമുള്ള നിർവചനത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളെയാണ് ഒരു ലക്ഷം സംരംഭങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്ന സംരംഭകരെ കണ്ടെത്തുന്നതിനും അവർക്കു വേണ്ട സഹായങ്ങൾ നല്കുന്നതിനുമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നിയമിച്ചിട്ടുള്ള interns വഴിയാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിക്കുന്നത്. നേരിട്ട് സംരംഭകരെ സന്ദർശിച്ചും, തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള ഹെൽപ് ഡെസ്കിലെ വിവര ശേഖരണം വഴിയുമാണ് സംരംഭകരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നത്. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും www.yearofenterprises.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംരംഭം ആരംഭിക്കാൻ ആഗ്രഹിക്കുന്നവർ സർക്കാരിന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണോ പദ്ധതിയുടെ കണക്കെടുപ്പ് നടത്തിയത് എന്ന് വ്യക്തമാക്കാമോ; | (ബി) | സംരംഭക വർഷത്തിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ള ഇന്റേണുകൾ മുഖാന്തിരം ഓരോ തദ്ദേശ സ്വയംഭരണ പ്രദേശത്തും ആരംഭിക്കുന്ന യൂണിറ്റുകളുടെ വിവരങ്ങൾ നേരിട്ട് എടുത്താണ് പോർട്ടലിൽ ഉൾപ്പെടുത്തുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത സംരംഭങ്ങളിൽ 60 വർഷം മുൻപ് തുടങ്ങിയ സ്ഥാപനങ്ങൾ അടക്കം ഉൾപ്പെട്ടിട്ടുണ്ട് | (സി) | സംരംഭക വർഷത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി. 2022 ഏപ്രിൽ ഒന്നാം തീയതി |

| | | | |
|---|---|---|---|
| | എന്ന ആക്ഷേപം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | മുതൽ 2023 മാർച്ച് 31 വരെ ആരംഭിക്കുന്ന സംരംഭങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. പ്രസ്തുത ലിസ്റ്റിൽ റീരജിസ്റ്റർ ചെയ്ത സംരംഭങ്ങൾ ഉൾപ്പെടുന്നില്ല. എന്തെങ്കിലും കാരണവശാൽ ഇത്തരം സംരംഭങ്ങൾ ഉൾപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽ പെട്ടാൽ അവ നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖാന്തിരം സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ